# വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ.ടി.വി. ഐ.എ.എസ്സ് )

**ഉത്തരവ് നമ്പർ: ഇ6/4829 /21/ WCD** **തിരുവനന്തപുരം, തീയതി : 17.02.2021**

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ജീവനക്കാര്യം- ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 20.01.2016 തീയതിയിലെ സ.ഉ.(പി)നം. 7/2016
2) സ.ഉ. (കൈ) നം. 24/2017/സാ.നീ.വ. തീയതി 30.06.2017
3) വനിത ശിശു വികസന ഡയറക്ടറുടെ 09/08/2019,23.10.2019 തീയതികളിലെ WCD/E3(1)-23353/19 നമ്പർ ഉത്തരവ്
4) വനിത ശിശു വികസന ഡയറക്ടറുടെ 19/11/2020 ലെ WCD/E8-11854/20 നമ്പർ ഉത്തരവ്
5) വനിത ശിശു വികസന ഡയറക്ടറുടെ 01.12.2020 ലെ WCD-E8/12034/20 നമ്പർ ഉത്തരവ്
6) സാമൂഹ്യനീതി ഡയറക്ടറുടെ 15.02.2018 ലെ ഇ6-26895/17 നം.ഉത്തരവ്.
7) സാമൂഹ്യനീതി ഡയറക്ടറുടെ 08.08.2018 ലെ ഇ6-8165/19 നം. ഉത്തരവ്.

രണ്ടാം പരാമർശിത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകൃതമായതിനെ തുടർന്ന് പരാമർശം 3 പ്രകാരം വനിത ശിശു വികസന വകുപ്പിലെ ഡ്രൈവർ തസ്തികയുടെ കേഡർ സ്ട്രെങ്ത് 65 ആയി നിജപ്പെടുത്തി ജീവനക്കാരെ വിവിധ കാര്യാലയങ്ങളിലായി ക്രമീകരിച്ച് ഉത്തരവായിരുന്നു. ജീവനക്കാരുടെ പുനർവിന്യാസത്തിനുമുൻപ് ചേളന്നൂർ ഐസിഡിഎസ്സിലെ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 30.07.2019 ൽ ശ്രീ.ഷാംജുകുമാർ മരണപ്പെട്ടതിനെ തുടർന്നുണ്ടായിട്ടുള്ള ഒരൊഴിവ് പരാമർശം 3 പ്രകാരമുള്ള കേഡർസ്ട്രങ്ങ്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഒഴിവ് കൂടാതെ വകുപ്പ് വിഭജനത്തിനു ശേഷം വകുപ്പിൽ 7 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ പുനർവിന്യാസത്തിന് ശേഷം 01.01.2021 വരെയുള്ള കാലയളവിൽ സെലക്ഷൻ ഗ്രേഡ്/ സീനിയർ ഗ്രേഡ് തസ്തികയിൽ നിന്നും വിരമിച്ച/മരണപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്, കാര്യാലയം | വിരമിച്ച തിയതി |
|---|---|---|
| | സെലക്ഷൻ ഗ്രേഡ് ഡ്രൈവർ | |
| 1 | ശ്രീ.പ്രകാശ്.എ.ടി | 29.02.2020 |
| 2 | ശ്രീ.ഫൈസൽ ബിൻ ഹംസ | 02.11.2020 (മരണപ്പെട്ടു) |
| | സീനിയർ ഗ്രേഡ് ഡ്രൈവർ | |
| 1 | ശ്രീ.പ്രസന്നകുമാർ.കെ.ജി | 31.03.2020 |
| 2 | ശ്രീ. സി.ചന്ദ്രൻ | 30.04.2020 |
| 3 | ശ്രീ.എ.ഹംസ | 30.04.2020 |

| | | |
|---|---|---|
| 4 | ശ്രീ.പ്രകാശ്.ടി.എസ്സ് | 31.05.2020 |
| 5 | ശ്രീ.ബാബു കെ.ആർ | 31.05.2020 |

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐസിഡിഎസ്സ് പദ്ധതിയിൽ ഡ്രൈവർ തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ നിത്തലാക്കണമെന്ന കേന്ദ്ര സർക്കാരിന്റെ 04.02.2003 ലെ F.No.1-3/2002-CDI(VOL II) നമ്പര് കത്തിലെ നിർദ്ദേശ പ്രകാരം ഐസിഡിഎസ്സ് പദ്ധതിയിലുണ്ടായ മേൽ പട്ടികയിലെ 7 ഒഴിവുകളും പുനർവിന്യാസത്തിനുമുൻപ് ചേളന്നൂർ ഐസിഡിഎസ്സിലെ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 30.07.2019 ൽ ശ്രീ.ഷാംജുകുമാർ മരണപ്പെട്ടതിനെ തുടർന്നുണ്ടായിട്ടുള്ളതും പരാമർശം 3 പ്രകാരമുള്ള കേഡർസ്ട്രങ്ത്തിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒഴിവും ഉൾപ്പെടെ ആകെ 8 ഒഴിവുകൾ ഒഴിവാക്കി 01.01.2021 തീയതി പ്രാബല്യത്തിൽ 57 ഡ്രൈവർ തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്. പരാമർശം (1) ലെ പത്താം ശമ്പള കമ്മീഷൻ ഉത്തരവ് അനുസരിച്ച് വകുപ്പിലെ 57 ഡ്രൈവർ തസ്തിക, കേഡർ സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിൽ 1:1:1 എന്ന അനുപാതത്തിൽ സീനിയർ ഗ്രേഡ് തസ്തികയിൽ 19/ഡ്രൈവർ ഗ്രേഡ് I തസ്തികയിൽ 19/ ഡ്രൈവർഗ്രേഡ് II തസ്തികയിൽ 19 എന്ന് നിശ്ചയിക്കുന്നു. കൂടാതെ സീനിയർ ഗ്രേഡ് തസ്തികയുടെ 10 ശതമാനമായ 2 തസ്തികകൾ സെലക്ഷൻ ഗ്രേഡായും കണക്കാക്കി ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം 5 പ്രകാരമുള്ള ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഓരോ വിഭാഗത്തിലേയ്ക്കും റേഷ്യോ പ്രൊമോഷന് അർഹതയുള്ളതുമായ ജീവനക്കാർക്ക് സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ ചുവടെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തീയതി പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് (27800-59400) സീനിയർ ഗ്രേഡ് (22200-48000) ഡ്രൈവർ ഗ്രേഡ് I (20000-45800) തസ്തികകളിലേയ്ക്ക് 1:1:1 റേഷ്യോ നിലനിർത്തിക്കൊണ്ട് ചുവടെ ചേർക്കും പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

**ഡ്രൈവർ സെലക്ഷൻ ഗ്രേഡ് (27800-59400)**

| ക്രമ നം. | സീനിയോറിട്ടി ക്രമ നം. | സീനിയോറിട്ടി ലിസ്റ്റ് ഉത്തരവ് നമ്പറും തീയതിയും | ജീവനക്കാരന്റെ പേര്, കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 6 | WCD/E8/12034/2020 തീയതി : 01.02.2020 | ശ്രീ.എസ്സ്.വിജയകുമാർ വനിത ശിശു വികസന ഡയറക്ടറേറ്റ് | 03.11.2020 (ശ്രീ.ഫൈസൽ ബിൻ ഹംസ 02.11.2020 ൽ മരണപ്പെട്ട ഒഴിവിൽ) |

**ഡ്രൈവർ സീനിയർ ഗ്രേഡ് (22200-48000)**

| ക്രമ നം. | സീനിയോറിട്ടി ക്രമ നം. | സീനിയോറിട്ടി ലിസ്റ്റ് ഉത്തരവ് നമ്പറും തീയതിയും | ജീവനക്കാരന്റെ പേര്, കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 22 | WCD/E8/12034/2020 തീയതി : 01.02.2020 | ശ്രീ.അനിൽ.കെ.ആർ ഐസിഡിഎസ്സ് കൊച്ചി അർബൻ 2 | 01.03.2020 (പ്രകാശ്.എ.ടി 29.02.2020 ൽ വിരമിച്ച ഒഴിവിൽ) |
| 2 | 23 | WCD/E8/12034/2020 തീയതി : 01.02.2020 | ശ്രീ.എം.അസീസ് ഐസിഡിഎസ്സ് കോഴിക്കോട് അർബൻ 2 | 01.04.2020 (പ്രസന്നകുമാർ.കെ.ജി 31.03.2020 ൽ വിരമിച്ച ഒഴിവിൽ) |
| 3 | 24 | WCD/E8/12034/2020 തീയതി : 01.02.2020 | ശ്രീ.വി.പൊന്നച്ചൻ വനിത ശിശു വികസന ഡയറക്ടറേറ്റ് | 01.05.2020 (സി.ചന്ദ്രൻ 30.04.2020 ൽ വിരമിച്ച ഒഴിവ് ) |
| 4 | 25 | WCD/E8/12034/2020 തീയതി : 01.02.2020 | ശ്രീ.ഷാജുകുമാർ.ജി ഐസിഡിഎസ്സ് കരുനാഗപ്പള്ളി | 01.05.2020 (എ.ഹംസ 30.04.2020 ൽ വിരമിച്ച ഒഴിവ് ) |

**ഡ്രൈവർ ഗ്രേഡ് I (20000-45800)**

| ക്രമ നം. | സീനിയോറിട്ടി ക്രമ നം. | സീനിയോറിട്ടി ലിസ്റ്റ് ഉത്തരവ് നമ്പറും തീയതിയും | ജീവനക്കാരന്റെ പേര്, കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 44 | WCD/E8/12034/2020 തീയതി : 01.02.2020 | ശ്രീ.സുരേഷ് കുമാർ.പി.പി ജില്ലാതല ഐസിഡിഎസ്സ് സെൽ, കോഴിക്കോട്. | 01.03.2020 (ശ്രീ.കെ.ആർ.അനിൽ കുമാറിന് സീനിയർ ഗ്രേഡായി റേഷ്യോ പ്രൊമോഷൻ അനുവദിച്ചത് ) |

റേഷ്യോ പ്രൊമോഷൻ അനുവദിക്കപ്പെട്ടിട്ടുള്ള മേൽ ജീവനക്കാർക്ക് അർഹതാവിധേയമായി മാത്രം KSR ഭാഗം I ചട്ടം 28 A പ്രകാരം ശമ്പളം നിർണ്ണയിച്ച് ശമ്പള കുടിശ്ശിക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാരുടെ സേവനപുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയമേധാവികൾ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
2. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
3. സൂപ്രണ്ട്, ഐ.റ്റി സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്